പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:7718 23/07/2012 - ൽ മറുപടിക്ക്

## വാണിജ്യ പ്രാധാന്യമുള്ള മത്സ്യയിനങ്ങളുടെ ലഭ്യത

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. മമ്മൂട്ടി:<br>" എം. ഉമ്മർ:<br>" കെ. മുഹമ്മദുണ്ണിഹാജി: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) വാണിജ്യ പ്രാധാന്യമുള്ള മത്സ്യ ഇനങ്ങളുടെ ലഭ്യത സംസ്ഥാനത്തിന്റെ കടലോര മേഖലയിൽ വർദ്ധിപ്പിക്കുന്നതിന് സഹായകരമായ വിധത്തിലുള്ള ഗവേഷണ, പരിപോഷണ പ്രവർത്തനങ്ങൾ, ഫിഷറീസ് വകുപ്പോ ഫിഷറീസ് സർവ്വകലാശാലയോ ഏറ്റെടുത്തു നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ; | (എ) ഇത്തരം പ്രവർത്തനങ്ങൾ ഫിഷറീസ് വകുപ്പ് ഭാഗീകമായി ഏറ്റെടുത്ത് നടത്തുന്നുണ്ട്. വകുപ്പിന്റെ പരിധിയിലുള്ള ഹാച്ചറികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗവേഷണ, പരിപോഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. മോത മത്സ്യത്തിന്റെ നഴ്സറി പരിപാലനം ഫിഷറീസ് സർവ്വകലാശാലയുടെ പുതുവൈപ്പിൻ ഗവേഷണ കേന്ദ്രത്തിൽ വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) അത്തരം മത്സ്യഇനങ്ങളുടെ കുഞ്ഞുങ്ങളെ ഹാച്ചറികളിൽ ഉല്പാദിപ്പിച്ച് അനുയോജ്യ സമുദ്രമേഖലകളിൽ നിക്ഷേപിക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം ഇനങ്ങളെയാണ് ഈ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) വാണിജ്യ പ്രാധാന്യമുള്ള മത്സ്യ ഇനങ്ങളുടെ കുഞ്ഞുങ്ങളെ ഹാച്ചറിയിൽ ഉല്പാദിപ്പിച്ച് അഴിമുഖങ്ങളിലും തീരദേശങ്ങളിലും നിക്ഷേപിക്കുന്ന പദ്ധതി നിലവിലുണ്ട്. നാരൻ ചെമ്മീൻ (പിനേയസ് ഇൻഡിക്കസ്), കാര ചെമ്മീൻ (പിനേയസ് മോണോഡോൺ) എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | |
|---|---|
| (സി) ഈ പദ്ധതികളുടെ വിശദ വിവരം നല്കാമോ? | (സി) അഴിമുഖങ്ങളിലും തീരദേശങ്ങളിലും ചെമ്മീൻ വിത്തുകൾ നിക്ഷേപിച്ചു (കാര,നാരൻ) വിളവ വർദ്ധന വരുത്തുന്ന പദ്ധതി (സീറാഞ്ചിംഗ്) കേരളത്തിലെ കടൽതീര ജില്ലകളിൽ 1997-98 വർഷം മുതൽ നടപ്പിലാക്കി വരുന്നു. 2011-12 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 20 ലക്ഷം രൂപ വിനിയോഗിച്ചു. |

സെക്ഷൻ ഓഫീസർ